REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 26-07-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **രണ്ട് ദിവസത്തെ തമിഴ്നാട് സന്ദർശനത്തിനെത്തുന്ന പ്രധാനമന്ത്രി നരേന്ദ്രമോദി വൈകിട്ട് തൂത്തുക്കുടിയിൽ 4800 കോടിയിൽ പരം രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കമിടും.**
- **ഇന്ന് കാർഗിൽ വിജയ് ദിവസ്. രാജ്യത്തിനായി ജീവാർപ്പണം ചെയ്ത ധീര സൈനികർക്ക് രാഷ്ട്രപതിയും പ്രധാനമന്ത്രിയും ആദരാഞ്ജലി അർപ്പിച്ചു.**
- **കൊല്ലം തേവലക്കര സ്കൂൾ മാനേജ്മെന്റിനെ പിരിച്ചുവിട്ടു. സ്കൂളുകളിൽ സുരക്ഷ ഉറപ്പാക്കാൻ കൂടുതൽ നടപടിയെടുക്കുമെന്ന് മന്ത്രി V ശിവൻകുട്ടി.**
- **സംസ്ഥാനത്ത് ഇന്നും ശക്തമായ മഴ തുടരും. ഏഴ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത. മൂന്ന് ദിവസം മത്സ്യബന്ധനത്തിന് വിലക്ക്**
- **FIDE വനിതാ ലോകകപ്പ് ചെസ്സ് ഫൈനലിൽ ഇന്ന് ഇന്ത്യൻ താരങ്ങളായ കൊനേരു ഹംപിയും ദിവ്യ ദേശ്മുഖും ഏറ്റുമുട്ടും.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി രണ്ട് ദിവസത്തെ തമിഴ്നാട് സന്ദർശനത്തിന് വൈകിട്ട് തൂത്തുക്കുടിയിലെത്തും. തൂത്തുക്കുടി വിമാനത്താവളത്തിന്റെ പുതിയ ടെർമിനൽ കെട്ടിടം അദ്ദേഹം ഉദ്ഘാടനം ചെയ്യും. 4,800 കോടിയിലേറെ രൂപയുടെ വികസന പദ്ധതികൾക്കും അദ്ദേഹം തൂത്തുക്കുടിയിൽ തുടക്കമിടും.

നാളെ ചോളരാജാവ് രാജേന്ദ്രചോളൻ ഒന്നാമന്റെ സഹസ്ര വാർഷിക ആഘോഷത്തിലും, തിരുച്ചിറപ്പള്ളിയിൽ ഗംഗൈകൊണ്ട ചോളപുരം ക്ഷേത്രത്തിലെ ആദി തിരുവാതിര ഉത്സവത്തിലും പ്രധാനമന്ത്രി സംബന്ധിക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ മാൽദീവ്സ് സന്ദർശനം ഇന്ന് സമാപിക്കും. ഇന്ത്യയിലേക്ക് മടങ്ങും മുമ്പ് മാൽദീവ്സിന്റെ 60-ാം സ്വാതന്ത്ര്യദിനത്തിൽ അദ്ദേഹം മുഖ്യാതിഥിയായി പങ്കെടുക്കും. തലസ്ഥാനമായ മാലിയിലാണ് ദിനാഘോഷം. നരേന്ദ്രമോദിക്ക് ആചാരപരമായ വരവേൽപ്പൊരുക്കിയാണ് മാലി ഭരണകൂടം അദ്ദേഹത്തെ സ്വീകരിച്ചത്. ഇന്ത്യയിൽ ഏറ്റവും കൂടുതൽകാലം പ്രധാനമന്ത്രി സ്ഥാനത്ത് തുടരുന്ന രണ്ടാമത്തെ പ്രധാനമന്ത്രിയെന്ന ബഹുമതിക്ക് അർഹനായ നരേന്ദ്രമോദിയെ മാൽദീവ്സ് പ്രസിഡന്റ് മുഹമ്മദ് മൊയ്സു അഭിനന്ദിച്ചു.

✪✪✪

മാൽദീവ്സ് വൈസ് പ്രസിഡന്റ് ഹുസൈൻ മുഹമ്മദ് ലത്തീഫുമായി പ്രധാനമന്ത്രി നരേന്ദ്രമോദി രാവിലെ കൂടിക്കാഴ്ച നടത്തി. വിദേശ കാര്യമന്ത്രി ഡോ. എസ് ജയശങ്കർ, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ, വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി തുടങ്ങിയവരും മുതിർന്ന ഉദ്യോഗസ്ഥരും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു.

✪✪✪

ഇന്ന് കാർഗിൽ വിജയ് ദിവസ്. 1999 ലെ കാർഗിൽ യുദ്ധ കാലത്തെ ഇന്ത്യൻ സൈനികരുടെ ധീരതയും, ജീവത്യാഗവും അനുസ്മരിക്കാനാണ് രാജ്യവ്യാപകമായി വിജയ് ദിവസ് സംഘടിപ്പിക്കുന്നത്. പാകിസ്ഥാനെതിരെ നേടിയ വിജയത്തിന്റെ 26-ാം വാർഷികമാണിത്.

രാജ്യത്തിനായി ജീവൻ ബലിയർപ്പിച്ച ധീര സൈനികർക്ക് രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും ആദരാഞ്ജലികൾ അർപ്പിച്ചു.

രാജ്യത്തെ സൈനികരുടെ അസാധാരണമായ വീര്യത്തിന്റെയും, ധൈര്യത്തിന്റെയും, ഉറച്ച നിശ്ചയദാർഢ്യത്തിന്റെയും പ്രതീകമാണ് ഈ ദിനമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു പറഞ്ഞു. രാഷ്ട്രത്തിനുവേണ്ടി അവർ നടത്തിയ സമർപ്പണവും പരമമായ ത്യാഗവും പൗരന്മാരെ എക്കാലത്തും പ്രചോദിപ്പിക്കുമെന്ന് രാഷ്ട്രപതി സന്ദേശത്തിൽ പറഞ്ഞു.

✪✪✪

കാർഗിൽവിജയ് ദിവസത്തിന്റെ ഭാഗമായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ന്യൂഡൽഹിയിലെ യുദ്ധസ്മാരകത്തിൽ പുഷ്പ ചക്രം അർപ്പിച്ചു. സേനാമേധാവിമാരും ഉന്നത ഉദ്യോഗസ്ഥരും സൈനികർക്ക് ആദരാഞ്ജലി അർപ്പിച്ചു.

✪✪✪

കാർഗിൽ യുദ്ധത്തിൽ ജീവാത്മർപ്പണം ചെയ്ത സൈനികരുടെ കുടുംബങ്ങളെ രാജ്യം ഒന്നായി അഭിവാദ്യം ചെയ്യുന്നതായി കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി ദ്രാസിൽ പറഞ്ഞു. നാലാം തവണയും പരിപാടിയിൽ പങ്കെടുക്കാൻ സാധിച്ചതിൽ അഭിമാനമുണ്ടെന്നും സൈനികരെ അഭിസംബോധന ചെയ്ത ജനറൽ ദ്വിവേദി അറിയിച്ചു.

✪✪✪

കാർഗിൽ വിജയ ദിനാഘോഷം ഓപ്പറേഷൻ സിന്ദൂർ  മുന്നേറ്റത്തിന്റെ വിജയം കൂടിയാണെന്നും ഭാരതത്തിന്റെ സൈനിക സംവിധാനം എത്രമാത്രം സജ്ജമാണെന്ന് അത് തെളിയിച്ചെന്നും BJP സംസ്ഥാന ജനറൽ സെക്രട്ടറി MT രമേശ് പറഞ്ഞു. BJP തൃശ്ശൂർ സിറ്റി യൂണിറ്റ് സംഘടിപ്പിച്ച കാർഗിൽ വിജയദിനാചരണത്തിന്റെ ഭാഗമായി അയ്യന്തോൾ അമർജവാൻ സ്മാരകത്തിൽ പുഷ്പാർച്ചന നടത്തുകയായിരുന്നു അദ്ദേഹം.

✪✪✪

അഖില ഭാരതീയ പൂർവ്വ സൈനിക സേവാ പരിഷത്ത് കണ്ണൂർ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ  കാർഗിൽ വിജയ് ദിവസ് ദിനാചരണം വൈകിട്ട് കണ്ണൂർ മഹാത്മാ മന്ദിരത്തിൽ നടത്തും.

BJP കണ്ണൂർ നോർത്ത് ജില്ലാ കമ്മിറ്റി വൈകിട്ട് ദീപശിഖാ പ്രയാണവും യുദ്ധസമാരകത്തിൽ പുഷ്പാർച്ചനയും  നടത്തും. സംസ്ഥാന വൈസ് പ്രസിഡന്റ് B ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യും.

✪✪✪

സംസ്ഥാനത്തെ ജയിൽ സുരക്ഷ വിലയിരുത്താൻ മുഖ്യമന്ത്രിയുടെ ഓൺലൈൻ  യോഗം ആരംഭിച്ചു. DGPയും ജയിൽ മേധാവിയും ജയിൽ DIG മാരും സൂപ്രണ്ടുമാരും ആഭ്യന്തര സെക്രട്ടറിയും യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.

ജയിൽ സുരക്ഷ, ജീവനക്കാരുടെ എണ്ണം, തടവുകാരും ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് ഇന്റലിജൻസ് നൽകിയ വിവരങ്ങൾ എന്നിവ  യോഗത്തിൽ ചർച്ച ചെയ്തേക്കുമെന്നാണ് റിപ്പോർട്ട്.

✪✪✪

സംസ്ഥാന പോലീസ് മേധാവിയുടെ സമ്പൂർണ ക്രൈം കോൺഫറൻസ് തിരുവനന്തപുരം പൊലീസ് ആസ്ഥാനത്ത് ഇന്ന് ചേരും. ജയിൽ സുരക്ഷ സംബന്ധിച്ച മുഖ്യമന്ത്രിയുടെ യോഗത്തിന് ശേഷമായിരിക്കും DGP യുടെ കോൺഫറൻസ്.

സംസ്ഥാന പൊലീസ് മേധാവിയായി രവദാ ചന്ദ്രശേഖർ ചുമതലയേറ്റ ശേഷം ആദ്യമായാണ് സമ്പൂർണ ക്രൈം കോൺഫറൻസ് ചേരുന്നത്. ജില്ലാ പൊലീസ് മേധാവികൾ, DIGമാർ, IG-മാർ, ADGP-മാർ തുടങ്ങിയവർ കോൺഫറൻസിൽ പങ്കെടുക്കും.

✪✪✪

പുതുതായി നിലവിൽവന്ന ഇന്ത്യ-UK സ്വതന്ത്ര വ്യാപാരക്കരാർ കേരളത്തിലെ സമുദ്രോത്പന്ന മേഖലയ്ക്കും സുഗന്ധവ്യഞ്ജന മേഖലയ്ക്കും ഏറെ പ്രയോജനകര മാകുമെന്ന് വിലയിരുത്തുന്നു. ചെമ്മീൻ, ട്യൂണ, തുടങ്ങിയ സമുദ്രോത്പന്നങ്ങൾക്കും, കുരുമുളകടക്കം സുഗന്ധവ്യഞ്ജ നങ്ങൾക്കും ബ്രിട്ടനിൽ ആവശ്യക്കാർ വർദ്ധിക്കാൻ കരാർ വഴിതുറക്കും. കൊച്ചിയിലെയും ആലപ്പുഴയിലെയും സമുദ്രോത്പന്ന കയറ്റുമതി ഇതിലൂടെ കൂടുമന്നാണ് വിലയിരുത്തുന്നത്.

✪✪✪

രണ്ട് ദിവസത്തെ ദേശീയ വിദ്യാഭ്യാസ ചിന്തൻ ബൈഠക്ക് പിറവം ആദിശങ്കര നിലയത്തിൽ RSS സർ സംഘചാലക് ഡോ. മോഹൻ ഭാഗവത് ഉദ്ഘാടനം ചെയ്തു. വെളിയനാട്ടെ ചിന്മയ ഇന്റർനാഷണൽ ഫൗണ്ടേഷൻ ആസ്ഥാനത്താണ് ബൈഠക്ക് നടത്തുന്നത്. മോഹൻ ഭാഗവത്തിന്റെ വികസിത് ഭാരത ലക്ഷ്യത്തിൽ സ്വീകരിക്കേണ്ട ഹ്രസ്വകാല - ദീർഘകാല തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനാണ് ബൈഠക്ക് ചേരുന്നത്.

ഇടപ്പള്ളി അമൃത മെഡിക്കൽ കോളജിലെ ജ്ഞാനസഭയിലും ഭാഗവത് പങ്കെടുക്കും. നാളെ ഉച്ചകഴിഞ്ഞാണ് ജ്ഞാനസഭ ആരംഭിക്കുന്നത്.

✪✪✪

സംസ്ഥാനത്തെ സ്കൂളുകളിൽ സുരക്ഷ ഉറപ്പാക്കാൻ കൂടുതൽ നടപടി എടുക്കുമെന്ന് മന്ത്രി V ശിവൻകുട്ടി പറഞ്ഞു. സ്കൂളുകളുടെ സുരക്ഷാ ഓഡിറ്റ് ഈ മാസം 31ന് മുമ്പ് പൂർത്തീകരിക്കാൻ നിർദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ചെക്ക് ലിസ്റ്റ് തയ്യാറാക്കി സ്കൂളുകൾ സുരക്ഷിതമാണെന്ന് ഉറപ്പാക്കുമെന്ന് V ശിവൻകുട്ടി തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

കൊല്ലം തേവലക്കര സ്കൂൾ മാനേജ്മെന്റിന്റെ ഭാഗത്തു നിന്ന് ഗുരുതരമായ കൃത്യവിലോപമുണ്ടായി എന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ മാനേജ്മെന്റിനെ പിരിച്ചുവിട്ടതായും മന്ത്രി അറിയിച്ചു. കൊല്ലം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്കായിരിക്കും സ്കൂളിന്റെ ചുമതലയെന്നും ശിവൻകുട്ടി പറഞ്ഞു.

സ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർത്ഥി മിഥുന്റെ മരണം നിർഭാഗ്യകരമാണ്. മിഥുന്റെ കുടുംബത്തിന് അടിയന്തര സഹായമായി ഗവൺമെന്റ് മൂന്ന് ലക്ഷം രൂപ നൽകും. KSTAയും KSEB യും പത്തുലക്ഷം രൂപ വീതം മിഥുന്റെ കുടുംബത്തിന് നൽകും. സ്കൗട്ട് ആൻഡ് ഗൈഡ്സ് മിഥുന്റെ കുടുംബത്തിന് വീട് വെച്ചു നൽകുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് ഇന്നും അതിശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. തീവ്ര മഴസാധ്യത കണക്കിലെടുത്ത് ഏഴ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. മറ്റ് ഏഴ് ജില്ലകളിൽ ശക്തമായ മഴസാധ്യത മുൻ നിർത്തി മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലാണ് ഓറഞ്ച് ജാഗ്രത. കേരള- ലക്ഷദ്വീപ്- കർണാടക തീരങ്ങളിൽ ശക്തമായ കാറ്റിന് സാധ്യതയുണ്ട്. തീരങ്ങളിൽ നിന്ന് മൂന്നു ദിവസം മീൻപിടുത്തത്തിന് പോകരുതെന്ന് മുന്നറിയിപ്പുണ്ട്.

✪✪✪

കണ്ണൂർ ജില്ലയിൽ കനത്ത മഴയിലും കാറ്റിലും വ്യാപക നാശനഷ്ടം. വീടിനു മുകളിൽ മരം വീണ് ഒരു മരണവും ഉണ്ടായി.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ...

.....വോയ്സ്......

ഇന്നലെ അർധരാത്രിയിലും പുലർച്ചെ യും വീശി അടിച്ച കാറ്റിൽ പലയിടങ്ങളിലും വലിയ തോതിൽ നാശനഷ്ടം ഉണ്ടായി. കേപ കോളയാട് പബായത്തിലെ പെരുവയിൽ വീടിനു മുകളിൽ മരം വീണു ഗൃഹനാഥൻ ആയ വായോധികൻ മരിച്ചു. എനിയാടൻ ചന്ദ്രനാണ് മരിച്ചത്. വീട്ടിൽ ഉറങ്ങികിടക്കുമ്പോഴായിരുന്നു അപകടം., മറ്റ് മൂന്ന് പേർക്ക് നിസ്സാര പരിക്കെറ്റു.പഴയങ്ങാടിക്കടുത്ത് പാലക്കോട് തോണി മറിഞ്ഞ് ഒരാളെ കാണാതായി. ചൂട്ടാട് പാലക്കോട് അഴിമുഖത്ത് പുലർച്ചയായിരുന്നു അപകടം. ഒരാൾ രക്ഷപ്പെട്ടു. തളിപ്പറമ്പ്

തൃച്ചംബരം, ചെറുക്കള, വെള്ളാരം പറ, വളക്കൈ, മുയ്യം, വരഡൂൽ, പ്ലാത്തോട്ടം, പാലേരിപ്പറമ്പ് ,ഒടുവള്ളി എന്നിവിടങ്ങളിലും കല്യാശ്ശേരി, കണ്ണപുരം ചെറുകുന്ന് എന്നിവിടങ്ങൾലിലും വലിയതോതിൽ നാശനഷ്ടമുണ്ടായി. റോഡിൽ വീണ മരങ്ങൾ അഗ്നി രക്ഷാസേന മുറിച്ചുമാറ്റി. ജില്ലയിൽ പലയിടങ്ങളിലും വൈദ്യുതി വിതരണം തടസ്സപ്പെട്ടിരിക്കുകയാണ്.

കണ്ണൂർ പള്ളിക്കുന്ന് സെൻട്രൽ ജയിലിന് സമീപം ദേശീയപാതയിൽ കൂറ്റൻ തേക്കുമരം മുറിഞ്ഞുവീണു. ഇത് തുടർന്ന് കണ്ണൂർ കാസർഗോഡ് ദേശീയപാതയിൽ ഒരു മണിക്കൂറോളം ഗതാഗതം സ്തംഭിച്ചു. മരം മുറിച്ചു നീക്കി ഗതാഗതം പുനസ്ഥാപിച്ചു.

✪✪✪

കണ്ണൂർ പഴയങ്ങാടിക്കടുത്ത് പാലക്കോട് തോണി മറിഞ്ഞ് ഒരാളെ കാണാതായി. ചൂട്ടാട് പാലക്കോട് അഴിമുഖത്ത് പുലർച്ചയായിരുന്നു അപകടം. ഒരാൾ രക്ഷപ്പെട്ടു.

✪✪✪

ദേശീയപാതയിൽ കണ്ണൂർ പള്ളിക്കുന്നിൽ മരം മുറിഞ്ഞുവീണ് തടസ്സപ്പെട്ട ഗതാഗതം പുനഃസ്ഥാപിച്ചു.

ഇന്ന് രാവിലെ എട്ടേകാലോടെയാണ് മരം മുറിഞ്ഞു വീണത്. 11 KV ലൈൻ കടന്നുപോകുന്ന വൈദ്യുതി തൂണുകൾക്ക് മുകളിലൂടെയാണ് മരം വീണത്.

✪✪✪

വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതർക്കായി എൽസ്റ്റണിൽ നിർമ്മിക്കുന്ന ടൗൺഷിപ്പിലെ മാതൃക വീടിന്റെ നിർമ്മാണം ഈമാസം 30ന് പൂർത്തിയാകും. ആയിരം ചതുരശ്ര അടിയിലാണ് മാതൃകാവീട് നിർമ്മിക്കുന്നത്.

✪✪✪

വെളിച്ചെണ്ണ വില കുതിച്ചുയരുന്ന സാഹചര്യത്തിൽ ഓണത്തിന് സപ്ലൈകോ വഴി സബ്സിഡി നിരക്കിൽ വെളിച്ചെണ്ണ നൽകാൻ സംവിധാനം ഒരുക്കിയിട്ടുണ്ടെന്ന് മന്ത്രി G.R അനിൽ പറഞ്ഞു. കോഴിക്കോട് കല്ലാച്ചിയിൽ CPI കോഴിക്കോട് ജില്ലാ സമ്മേളനത്തിനിടെ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി.

✪✪✪

തദ്ദേശ തെരഞ്ഞെടുപ്പിന്റെ വോട്ടർപട്ടികയിൽ ഗുരുതരമായ പിഴവുകൾ ഉണ്ടെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ ആരോപിച്ചു. പട്ടിക തയ്യാറാക്കിയവർക്ക് വാർഡിന്റെ സ്കെച്ച് കൊടുത്തിട്ടില്ലെന്നും 15 ദിവസം കൊണ്ട് എങ്ങനെയാണ് പട്ടികയിൽ പേര് ചേർക്കാനാവുകയെന്നും സതീശൻ തിരുവനന്തപുരത്ത് ചോദിച്ചു.

✪✪✪

ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധി ഇടയ്ക്കിടെ വിഷയങ്ങൾ പുനഃചംക്രമണം ചെയ്ത് അവതരിപ്പിക്കുകയാണെന്ന് BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ ന്യൂഡൽഹിയിൽ പറഞ്ഞു. ഒരു വിഷയം പരാജയപ്പെടുമ്പോൾ മറ്റൊരു വിഷയം കണ്ടെത്തി ആവർത്തിച്ച് ആരോപണങ്ങൾ ഉന്നയിക്കുകയാണ് രാഹുൽ ഗാന്ധിയെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

✪✪✪

കുടുംബശ്രീ ഉൽപ്പന്നങ്ങൾ ഒറ്റക്കുടക്കീഴിലാക്കി ഓൺലൈൻ വിൽപനയ്ക്ക് തുടക്കമായി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി പ്രതിനിധി രതീഷ് കൃഷ്ണ ......

(വോയിസ്)

കുടുംബശ്രീ ഉൽപ്പന്നങ്ങൾ ഉൾപ്പെടുത്തിയുള്ള 'പോക്കറ്റ്മാർട്ട്' എന്ന ഓൺലൈൻ സ്റ്റോർ ആഗസ്റ്റ് ആദ്യവാരത്തോടെ പ്രവർത്തനം ആരംഭിക്കും. ഓണത്തിനായുള്ള പ്രത്യേക ഹൈലൈറ്റ് 799 രൂപ വരെ വിലയുള്ള ഉൽപ്പന്നങ്ങളടങ്ങിയ കിറ്റാണ്. ചിപ്സ്, ശർക്കര വരട്ടി, മല്ലിപ്പൊടി, മുളകുപൊടി, മഞ്ഞൾപ്പൊടി, മസാല പൊടികൾ, അച്ചാറുകൾ തുടങ്ങി വിവിധ ഇനങ്ങൾ ഈ കിറ്റിൽ ഉൾപ്പെടുന്നു. ആദ്യ ഘട്ടത്തിൽ ആയിരത്തോളം ഉൽപ്പന്നങ്ങളാണ് സ്റ്റോറിൽ ലഭ്യമാകുക.

ഇടുക്കി ജില്ലയിൽ 16 യൂണിറ്റുകളാണ് സജ്ജമായിരിക്കുന്നത്. ഇടുക്കി ജില്ലയിൽ നിന്ന് മാത്രം 60 മുതൽ 80 വരെ ഉൽപ്പന്നങ്ങൾ പോക്കറ്റ്മാർട്ടിൽ ലഭ്യമാകും. ഹോംമെയ്ഡ് ഉൽപ്പന്നങ്ങൾ, സൗന്ദര്യവർധക വസ്തുക്കൾ, തുണിത്തരങ്ങൾ എന്നിവ കൂടാതെ, കുടുംബശ്രീ സംരംഭങ്ങളായ ലഞ്ച് ബെൽ, ബഡ്സ്, കഫേ, കേരള ചിക്കൻ എന്നിവയും കെ ഫോർ കെയർ, ക്വിക്ക് സെർവ്, ഇ-സേവാ കേന്ദ്ര, കൺസ്ട്രക്ഷൻ യൂണിറ്റ് തുടങ്ങിയ സേവനങ്ങളും സ്റ്റോറിൽ ലഭ്യമാണ്.

'പോക്കറ്റ്മാർട്ട്' ഓൺലൈൻ സ്റ്റോർ ആപ്പ് പ്ലേ സ്റ്റോറിൽ നിന്ന് ഡൗൺലോഡ് ചെയ്യാൻ സാധിക്കും. സംസ്ഥാനത്തെ ഏത് ജില്ലകളിൽ നിന്നുള്ള ഉൽപ്പന്നങ്ങളും ഈ ആപ്പിലൂടെ ഓർഡർ ചെയ്യാം. ഉൽപ്പന്നങ്ങളുടെ വിവരങ്ങൾ അപ്ലോഡ് ചെയ്യുന്ന പ്രവൃത്തി പുരോഗമിക്കുകയാണ്.

✪✪✪

*News Editor: അനിൽ ചന്ദ്രൻ*
*News Reader: ശ്രിജി*
*NRTs: സിയാബ് ടി പി*
*DEO: സി കെ സുബോധ്*